**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794** **13-02-2024 - ൽ മറുപടിയ്ക്ക്**

**ബ്രഹ്മപുരം സബ്സ്റ്റേഷന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ബ്രഹ്മപുരം സബ്സ്റ്റേഷനിൽ നടന്നു വരുന്ന നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ബ്രഹ്മപുരം സബ്സ്റ്റേഷനിൽ 220kV Bus bar സംരക്ഷണ സംവിധാനവും SAS സംയോജനവും നടപ്പിലാക്കുന്ന ജോലി പൂർത്തീകരിച്ചു. പദ്ധതി തുക 55 ലക്ഷം രൂപയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത ജോലി 2023 ഒക്ടോബർ മാസത്തിൽ പൂർത്തീകരിച്ചു. |
| (സി) | കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ എതെല്ലാമെന്നും അതിന് അനുവദിച്ച തുക, പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ? | (സി) | കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ പ്രസരണ വിഭാഗത്തിന് കീഴിൽ കുന്നത്തുനാട് മണ്ഡലത്തിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ ഒന്നും നിലവിൽ ഇല്ല.<br><br>വിതരണ വിഭാഗത്തിന് കീഴിൽ കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എറണാകുളം സർക്കിളിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ ഡിവിഷനിൽ കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ പുതിയ 11 kV OH line, ABC line എന്നിവ വലിക്കുന്നതിനും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും പഴയ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ വലിക്കുന്നതിനുമായി പുത്തൻകുരിശ്, കോലഞ്ചേരി, തിരുവാണിയൂർ സെക്ഷനുകളിലായി 1084.48 ലക്ഷം രൂപയുടെ 42 വർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു.<br><br>കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പെരുമ്പാവൂർ സർക്കിളിന്റെ കീഴിലുള്ള മൂവാറ്റുപുഴ ഡിവിഷനു കീഴിൽ കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ 33 കെ.വി മഴുവന്നൂർ സബ്സ്റ്റേഷൻ മുതൽ ചെറുനെല്ലാട് ട്രാൻസ്ഫോർമർ ഡി.പി വരെ 6 കി.മീ 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന ജോലി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ വിതരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ |

| | | | |
|---|---|---|---|
| | | | ഓഫീസിൽ ആരംഭിച്ചിട്ടുണ്ട്. ഈ വർക്കിന്റെ എസ്റ്റിമേറ്റ് തുക 2.41 കോടി രൂപയാണ്. പെരുമ്പാവൂർ ഡിവിഷനു കീഴിൽ വരുന്ന കുന്നത്തുനാട് മണ്ഡലം പ്രദേശത്ത് കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയിൽ 12.7 കി.മീ LT ABC ഉപയോഗിച്ചുള്ള LT ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തികളും ഒരു 100 kVA ട്രാൻസ്ഫോർമർ സംസ്ഥാപനവും 900 m HT ABC ഉപയോഗിച്ചുള്ള HT ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തികളും 9.4 കി.മീ 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഒരു 11 കെ.വി RMU സംസ്ഥാപനവും ഉൾപ്പെടെ 5.34 കോടി രൂപയുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പെരുമ്പാവൂർ സർക്കിൾ ഓഫീസിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ